1183
19/11/19

# APPENDIX H4

## നോട്ടീസ്

ശ്രീ പ്രകാശ് ആർ (പെന്-103510) ഓഫീസ് അറ്റൻഡന്റ്, പൊതുഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 07.06.2016 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിന്, താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള മേജർ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി താങ്കളെ നേരിൽ കേൾക്കുന്നതിനായി 28.09.2018, 17.10.2018 എന്നീ തീയതികളിലെ സർ.സി2/251/17/പൊ.ഭ.വ നമ്പർ ഹിയറിംഗ് നോട്ടീസ് ഏറ്റവും ഒടുവിലറിയാവുന്ന നിങ്ങളുടെ മേൽ വിലാസത്തിൽ അറിയിച്ചിരുന്നു. ആയത് താങ്കൾ കൈപ്പറ്റിയിട്ടില്ല. താങ്കൾക്ക് 24.01.2019 ന് രാവിലെ 11 മണിക്ക് പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ രമേശ് ജി ആർ (സെക്രട്ടേറിയറ്റ് നോർത്ത് ബ്ലോക്കിലെ 2-ാം നില) മുൻപാകെ കൂടിക്കാഴ്ചയ്ക്ക് ഹാജരാകേണ്ടതാണെന്ന് അറിയിക്കുന്നു. പ്രസ്തുത ഹിയറിംഗിന് ഹാജരാകാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സി അജയൻ
ജോയിന്റ് സെക്രട്ടറി

ശ്രീ പ്രകാശ് ആർ, ഓഫീസ് അറ്റൻഡന്റ് (പ്രകാശ് ഭവൻ, ആവുംകുളം, ചെമ്പഴന്തി, തിരുവനന്തപുരം) (പുളിമൂട് വീട്, അട്ടുകൽ, കഴക്കുന്ന് ചുള്ളിമാനൂർ, പി.ഒ നെടുമങ്ങാട്)